ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

249(541) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരത്തിൽ ഭൂമി വില കുറച്ചുകാട്ടിയ കേസ്സുകളിൽ (അണ്ടർ വാല്യുവേഷൻ) ഒറ്റത്തവണ തീർപ്പാക്കലിലൂടെ ഇതുവരെ എത്ര തുക കിട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി ഇനിയും സമയം നീട്ടുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാലയളവ് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 10-12-2010 വരെ തീർപ്പാക്കിയ 2,82,615 കേസുകളിൽ നിന്നായി 66,84,00,435 രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

(ബി&സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ സമയ പരിധി, 27-3-2010-ലെ ജി.ഒ.(പി) 85/10/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം, 31-3-2011-വരെ ദീർഘിപ്പിച്ചിട്ടുണ്ട്. (പകർപ്പ് അടക്കം ചെയ്യുന്നു.)*

ചെറുവത്തൂർ പഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ്

250(542) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുവത്തൂർ പഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇത് എന്നനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ വിഷയം പരിശോധിച്ചുവരികയാണ്.

വയനാട് ജില്ലയിലെ വസ്തുകൈമാറ്റ കണക്ക്

251(543) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 2005-നു ശേഷം നടന്ന വസ്തു-കെട്ടിട കൈമാറ്റ ആധാര രജിസ്ട്രേഷൻ സംബന്ധിച്ച കണക്ക് എസ്. ആർ. ഒ-യും വർഷവും തിരിച്ചുള്ള പട്ടിക സഹിതം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 10 വർഷത്തെ വസ്തുകൈമാറ്റ കണക്ക് പരിശോധിച്ചാൽ ജില്ലയിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടന്ന വർഷവും എസ്.ആർ.ഒ.-യും ഏതാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly